"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പോലീസ് വകുപ്പ് - അടൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് നിലനിൽക്കുന്ന കാലപ്പഴക്കം ചെന്ന 12 കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3273/2024/HOME തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 11.07.2024, 04.09.2024 തീയതികളിലെ എച്ച്13-127455/2024/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ.

**ഉത്തരവ്**

അടൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തു നിലനിൽക്കുന്ന കാലപ്പഴക്കം ചെന്ന 12 കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് പി.ഡബ്ല്യൂ.ഡി നിശ്ചയിച്ച ലേല തുകയായ 3,34,638/- രൂപയുടെ സർവ്വേ റിപ്പോർട്ട് പരിഗണിച്ച് ആയത് പരസ്യലേലം മുഖേന പൊളിച്ചു മാറ്റുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് നിലനിൽക്കുന്ന കാലപ്പഴക്കം ചെന്ന 12 കെട്ടിടങ്ങൾ, അടൂർ പൊതുമരാമത്ത് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള 3,34,638/- (മൂന്നു ലക്ഷത്തി മുപ്പത്തിനാലായിരത്തി അറുന്നൂറ്റി മുപ്പത്തിയെട്ടു രൂപ മാത്രം) രൂപയിൽ കുറയാത്ത വിലയ്ക്ക് പരസ്യലേലം മുഖേന പൊളിച്ചു നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (21.10.2024 ലെ വ്യയം-എ4/601/2024/ധനം (ഇ-2911077) പ്രകാരം).
ഡയറക്ടർ,ഐ&പി.ആർ.ഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jalaja Kumari M S
സെക്ഷൻ ഓഫീസർ
Date: 06-11-2024 15:18:09